**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 355** **01-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യമായി ശമ്പള വിതരണം നടത്തുന്നുണ്ടോ; | (എ) | **വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഭൂരിഭാഗം പൊതുമേഖലാസ്ഥാപനങ്ങളിലും കൃത്യമായി ശമ്പളവിതരണം നടക്കുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തിന്റെ ഭാഗമായി വിപണനത്തിന്റെയും / സേവനങ്ങൾ നല്കിയതിന്റെയും ഭാഗമായി കമ്പനികൾക്ക് ലഭിക്കേണ്ട തുകയിൽ കാലതാമസം നേരിടുന്നതിനാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യമായ രീതിയിൽ ശമ്പളം നൽകുന്നതിന് താമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്** |
| (ബി) | കൃത്യമായി ശമ്പളം വിതരണം ചെയ്യാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **ഉണ്ട്.**<br><br>**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള എടരിക്കോട്, കോട്ടയം ടെക്സ്റ്റൈൽസ് എന്നീ യൂണിറ്റുകൾ, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് , ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലാണ് ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത്.** |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>നിയമപരമായ ബാധ്യതകൾ തീർക്കുന്നതിനായി ആദ്യമായി പൊതുമേഖലാസ്ഥാപനങ്ങൾക്ക് 28 കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി അത്യാവശ്യ പ്രവർത്തന മൂലധന സഹായം ആവശ്യമായ സ്ഥാപനങ്ങൾക്ക് 2024-25 സാമ്പത്തിക വർഷം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി 36.30 കോടി രൂപയുടെ പ്രവർത്തന മൂലധനം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപയോഗിച്ച് നിലവിലെ ഉത്പാദന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തിയും വിപണന മൂല്യമുള്ള ഉത്പന്നങ്ങൾ വിപണിയിൽ എത്തിച്ചും താത്ക്കാലികമായി സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരി-ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ